സോഹൻലാൽ

ആകാശത്തോളം പ്രണയവുമായി

സോഹൻലാലിന്റെ നീർമാതളത്തിന്റെ പൂക്കൾ, ആകാശവും എന്റെ പ്രണയവും ഉൾപ്പെടെ 3 പുസ്തകങ്ങൾ പുറത്തിറങ്ങി

സംവിധായകൻ സോഹൻലാലിന്റെ ഓർക്കുക വല്ലപ്പോഴും, നീർമാതളത്തിന്റെ പൂക്കൾ (ത്രിരക്തഥകൾ), ആകാശവും എന്റെ പ്രണയവും (കവിതാസമാഹാരം) എന്നീ പുസ്തകങ്ങൾ വിപണിയിലെത്തി.

നിരവധി അന്താരാഷ്ട്ര മേളകളിൽ പ്രദർശിപ്പിക്കുകയും ധാരാളം പുരസ്കാരങ്ങൾ നേടുകയും ചെയ്ത ' നീർമാതളത്തിന്റെ പൂക്കളിൽ ' മാധവിക്കുട്ടിയുമായുള്ള അഭിമുഖം, ഡോ. ജോർജ്ജ് ഓണക്കൂറിന്റെ അവതാരിക എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ഓർക്കുക വല്ലപ്പോഴു'മിൽ എനിക്ക് പുതുജീവൻ എന്ന തലക്കെട്ടിൽ തിലകന്റെ ലേഖനം ഉണ്ട്. സോഹൻലാലിന്റെ കൗമാരകാല കവിതകളുടെ സമാഹാരമാണ് ' ആകാശവും എന്റെ പ്രണയവും '.

'അമ്മ' ഇണങ്ങിയാലും കടമ്പ തീരില്ല

തിലകൻ

തിലകന് ' അമ്മ ' യുമായുള്ള പിണക്കം തീർന്നാൽ സിനിമയിൽ അഭിനയിക്കാൻ കഴിയുമോ?

തിലകൻ ' അമ്മ ' യുമായുള്ള പിണക്കം തീർന്നാലും തിലകന് സിനിമയിൽ അഭിനയിക്കാൻ കഴിയുമോ? കഴിയില്ല എന്നാണ് സിനിമാ രംഗത്തുള്ള ബഹുഭൂരി പക്ഷം പേരും പറയുന്നത്. ഇക്കാര്യത്തിൽ ഫെഫ്കയുടെ നിലപാടാണ് നിർണായകമാവുക എന്നാണ് നിരീക്ഷിക്കപ്പെടുന്നത്.

തിലകൻ ഒരു ചിത്രത്തിൽ അഭിനയിച്ചാൽ ആ ചിത്രവുമായി ഫെഫ്ക സഹകരിക്കില്ലെന്ന് അവർ വ്യക്തമാക്കിക്കഴിഞ്ഞതാണ്. ഫെഫ്കയുടെ നിലപാടിന്റെ ശക്തി ഡാ൯999 എന്ന ചിത്രത്തിൽ തങ്ങളുടെ സാങ്കേതികവിദഗ്ധരെ പിൻവലിക്കുമെന്ന് കത്തു നൽകി അവർ തെളിയിച്ചു. തിലകൻ സമരം നടത്തി നഷ്ടപരിഹാരം വാങ്ങിയെന്നത് നേര്. തിലകനെ മറ്റാര് അഭിനയിപ്പിക്കാൻ ശ്രമിച്ചാലും ഫെഫ്ക ഈ നിലപാടു തന്നെ പ്രശ്നപരിഹാരമാകുന്നത് വരെ തുടരാനാണ് സാധ്യത. ഈ സാഹചര്യം നിലനിൽക്കുന്നിടത്തോളം തിലകനെ കാസ്റ്റ് ചെയ്യാൻ സാധാരണ ഗതിയിൽ ഒരു സംവിധായകനും ചങ്കൂറ്റം കാണിച്ചെന്നു വരില്ല.

' അമ്മ ' യുമായി പിണക്കം തീരാൻ തിലകൻ ' അമ്മ 'യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുന്നിൽ ഹാജരായാൽ മതിയാകും. 'അമ്മ' വിട്ടു വീഴ്ചയ്ക്ക് തയ്യാറായിട്ടുണ്ട്. തിലകന് ഇഷ്ടമില്ലാത്ത അച്ചടക്ക സമിതി ഇപ്പോഴില്ല. തിലകന് അനുകൂലമായി സംസാരിക്കുന്നവർ എക്സിക്യൂട്ടീവിലുണ്ട്. പക്ഷേ തിലകൻ നേരിട്ടെത്തണം. അതല്ലാതെ വീണ്ടും ' അമ്മ 'യ്ക്കെതിരെ തിലകൻ ആഞ്ഞടിക്കുന്നത് തുടർന്നു കൊണ്ടിരിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഹാജരാകാതിരിക്കുകയും ചെയ്താൽ ഒന്നും ചെയ്യാൻ കഴിയില്ലെന്ന് ഒരു എക്സിക്യൂട്ടീവ് അംഗം പറഞ്ഞു.

' അമ്മ 'യുമായുള്ള പ്രശ്നം തീർന്നാൽ തിലകന് മുന്നിലുള്ള തടസ്സം ഫെഫ്കയായിരിക്കും. മാദ്ധ്യമങ്ങളിലൂടെ തങ്ങളെക്കുറിച്ച് പറഞ്ഞതിനെല്ലാം തിലകൻ പരസ്യമായി മാപ്പ് പറയണമെന്നാണ് ഫെഫ്കയുടെ നിലപാട്.

' അമ്മ 'യുമായി രമ്യതയിലെത്തിക്കഴിഞ്ഞാൽ സംഘടനയിലെ ഭാരവാഹികൾ തിലകന് വേണ്ടി ചിലപ്പോൾ രംഗത്തിറങ്ങിയെന്നും വരും. പ്രേക്ഷകർ ആഗ്രഹിക്കുന്നത് തിലകനെ വീണ്ടും വെള്ളിത്തിരയിൽ കാണാനാണ്. ഇത്രയും പ്രതിഭാശാലിയായ ഒരു നടനെ മാറ്റിനിറുത്താൻ ആരും ആഗ്രഹിക്കുന്നില്ല. അതിന് ഒറ്റ വഴിയേ ഉള്ളൂ. വിട്ടുവീഴ്ചയ്ക്ക് എല്ലാവരും തയ്യാറാകണം.

BALCONY
കോവളം സതീഷ്കുമാർ
kovalamsatheeshkumar@yahoo.com

അജിത്ത്

അജിത് ഫോർമുല 2വിൽ

കോളിവുഡിൽ സൂപ്പർ സ്റ്റാറുകൾക്ക് ഒരു പഞ്ഞവുമില്ല. എന്നാൽ കാറോടിക്കുന്ന കാര്യത്തിൽ ഒരു സൂപ്പർതാരമേയുള്ളൂ. അത് അജിത്താണ്. മത്സരകാറോട്ടം അജിത്തിനെന്നും ഹരമാണ്. രാജ്യത്തിനകത്തും പുറത്തും നടന്ന നിരവധി മത്സരങ്ങളിൽ അജിത്ത് തന്റെ മികവ് തെളിയിച്ചിട്ടുമുണ്ട്.

2003ൽ നടന്ന ഫോർമുല ഏഷ്യ ബി. എം. ഡബ്ളിയുവിലും അജിത് പങ്കെടുത്തിട്ടുണ്ട്.

അജിത് ഫോർമുല 2 കാറോട്ടത്തിന് തയ്യാറെടുക്കുന്നുവെന്നാണ് ലേറ്റസ്റ്റ് ന്യൂസ്. അടുത്ത മാസം യൂറോപ്പിലാണ് ഫോർമുല 2 കാറോട്ട മത്സരം നടക്കുന്നത്. അതുകാരണം പുതിയ ചിത്രത്തിന്റെ ഷൂട്ടിംഗ് മാറ്റിവയ്ക്കാൻ സാധ്യതയുണ്ട്. ഗൗതം മേനോൻ സംവിധാനം ചെയ്യുന്ന കാവലാണ് അജിത്തിന്റെ അടുത്ത ചിത്രം.

MEERA &MEERA സ്റ്റൈലായി മീരമാർ

മീരാനന്ദൻ

മീരാജാസ്മിൻ

പുതിയ തീരുമാനങ്ങളും പുത്തൻ കാഴ്ചപ്പാടുകളുമായ് ജയറാം

തെന്നിന്ത്യയിലെ രണ്ട് 'മലയാളിമീരമാരും' ഇത്തിരിയൊക്കെ ഗ്ലാമറായാലും തെറ്റില്ല എന്ന പക്ഷക്കാരാണെന്ന് തോന്നുന്നു. മീരാജാസ്മിനും മീരാനന്ദനുമാണ് ഇപ്പറയപ്പെടുന്ന മലയാളിമീരമാർ. നേപ്പാളി തുടങ്ങിയ ചിത്രങ്ങളിലൂടെ ഗ്ലാമറസാകുന്നതിന് തനിക്ക് വിയോജിപ്പൊന്നുമില്ലെന്ന് നേരത്തേ തന്നെ മീരാജാസ്മിൻ തെളിയിച്ചു കഴിഞ്ഞിട്ടുള്ളതാണ്. മുല്ല എന്ന ദിലീപ്ചിത്രത്തിലൂടെ മലയാളത്തിലെത്തിയ മീരാനന്ദന് അധികം താമസിക്കാതെ തന്നെ തമിഴിലേക്കും ക്ഷണം ലഭിച്ചിരുന്നു. തമിഴിൽ വാത്മീകി തുടങ്ങി നിരവധി ചിത്രങ്ങളിൽ മീര നായികയായെങ്കിലും ഗ്ലാമറസ് ആവാൻ മീരാനന്ദൻ തയ്യാറായിരുന്നില്ല. എന്നാൽ അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പ്രൊഡക്ടായ രാജമിത്രൻ സംവിധാനം ചെയ്യുന്ന 'അയ്യനാർ' എന്ന ചിത്രത്തിലൂടെമീരാനന്ദനും അൽപസമയം ഗ്ലാമറസാവുകയാണെന്നാണ് റിപ്പോർട്ടുകൾ. മൃഗം എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ ആദിയാണ് ഈ ചിത്രത്തിൽ നായകൻ. 2009-ൽ ചിത്രീകരണമാരംഭിച്ച അയ്യനാർ ഏതാണ്ട് പൂർത്തിയായെന്നാണ് അറിയുന്നത്. മീരയും ആദിയുമായി അടുത്തിടപഴകുന്ന നിരവധി സീനുകൾ ചിത്രത്തിലുണ്ടത്രേ.ഗ്രാമീണപശ്ചാത്തലത്തിൽ വികസിക്കുന്ന കഥയാണ് അയ്യനാറിന്റേത്. എന്നാൽ കമേഴ്സ്യൽഘടകങ്ങൾക്ക് പ്രാധാന്യം നൽകുന്ന സിനിമകൂടിയാണ് അയ്യനാർ എന്നുമറിയുന്നു.

മീരാജാസ്മിന്റെ ഏറ്റവും മികച്ച ഗ്ലാമർ പ്രകടനം എന്ന പരസ്യവാചകവുമായാണ് മോക്ഷം എന്ന തെലുങ്ക് ചിത്രം വരുന്നത്. നായികാപ്രധാന്യമുള്ള ചിത്രമാണിതെന്നും തിരക്കഥ ആവശ്യപ്പെടുന്ന ഗ്ലാമർ മാത്രമാണ് മീര ചെയ്തിരിക്കുന്നതെന്നുമാണ് അണിയറപ്രവർത്തകർ പറയുന്നത്. ശ്രീകാന്ത് വെമുലപള്ളിയാണ് ചിത്രത്തിന്റെ സംവിധായകൻ. അനുഷ്ക നായികയായ അരുന്ധതി എന്ന ചിത്രം പ്രദർശന വിജയം നേടിയതാണ് നായിക പ്രാധാന്യമുള്ള ചിത്രങ്ങൾ ചെയ്യാൻ തെലുങ്കിൽ സംവിധായകർ മുന്നോട്ടുവന്നിരിക്കുന്നതിന്റെ പ്രധാനകാരണമായി വിലയിരുത്തപ്പെടുന്നത്.സിനിമയിലെ മീരാ ജാസ്മിന്റെ ചിത്രങ്ങൾ ഇപ്പോൾ തന്നെ പുറത്തുവന്നിട്ടുണ്ട്. പാട്ടിന്റെ പാലാഴിയാണ് മീരയുടെ പുറത്തുവരാനുള്ള പുതിയ മലയാള ചിത്രം.

അനുഭവങ്ങൾ പകരുന്ന പാഠങ്ങൾ

ജയറാം

ജയറാം നോ പറയും. കാരണം അനുഭവങ്ങൾ പഠിപ്പിച്ചു, നോ എന്ന് പറയാൻ. നോ പറഞ്ഞിട്ട് വീട്ടിൽ വെറുതേ ഇരിക്കാനും മടിയില്ല. മോശം പടങ്ങൾ ചെയ്തിട്ട് ശേഷിക്കുന്ന ജീവിതം മുൻനടൻ ആയി ജീവിക്കുന്നതിലും നല്ലതല്ലേ നോ പറയുന്നത്. അതേ, പാളിച്ചകൾ പൊള്ളിച്ച് ജയറാമിനെ പാകപ്പെടുത്തി; മോശം തിരക്കഥകളോട് പോയി പണി നോക്കാൻ പറയാൻ.

'പണ്ട് എന്റെ വലിയ പ്രശ്നം ആരോടും നോ പറയില്ല എന്നതായിരുന്നു. അങ്ങനെ ഒരുപാട് സിനിമ ചെയ്തു. ഇപ്പോൾ ശരിക്കു പഠിച്ചു. കൊള്ളില്ലെങ്കിൽ കൊള്ളില്ലെന്നു തന്നെ പറയും. നല്ലതു കിട്ടിയാൽ, വായിച്ചു കേട്ട് നമുക്ക് തൃപ്തിയുണ്ടെങ്കിൽ മാത്രം ചെയ്യുക. ഒന്നുകിൽ ഓടുന്ന പ്രോജക്ടായിരിക്കണം, അല്ലെങ്കിൽ അഭിപ്രായം കിട്ടുന്നതായിരിക്കണം. തട്ടിക്കൂട്ട് പടം ചെയ്യാനേയില്ല'.

എങ്ങനെയുണ്ട് ജയറാമിന്റെ പോളിസി? അടുത്തിടെ ഒരു വാരിക്കു നൽകിയ അഭിമുഖത്തിലാണ് ജയറാം നയപ്രഖ്യാപനം നടത്തിയത്. സോ..... കഥ പറയാൻ നടക്കുന്നവർ ജാഗ്രതൈ... നല്ലതല്ലെങ്കിൽ ജയറാം നോ പറയും.

EDITORIAL

1185 കുംഭം 26 2010 മാർച്ച് 10 ബുധൻ
പൂരാടം 24-02 ദശമി 18-58
1931 ഫാൽഗുനം 19 1431 റബി ഉൽ അവ്വൽ 22

പൊലീസുകാരുടെ ഉറക്കം

കേരളമെന്നു കേട്ടാൽ മഹാകവി വള്ളത്തോൾ പാടിയപോലെ അന്തരംഗം അഭിമാനപൂരിതമാകുന്ന അവസ്ഥയല്ല ഇപ്പോൾ. മറിച്ച് അപമാനഭാരത്താൽ തലകുനിഞ്ഞു പോകുകയും ചെയ്യും. അന്യ സംസ്ഥാനങ്ങളിൽ സ്ത്രീകൾ അപമാനിക്കപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകുമ്പോൾ കേരളത്തിൽ ഇതൊന്നും നടക്കില്ലെന്ന് കേരളീയരും ഭരണാധികാരികളും വീമ്പു പറയാറുണ്ട്. എന്നാൽ, അതൊക്കെ പാഴ്വാക്കുകളാണെന്ന് തെളിഞ്ഞിരിക്കുന്നു.

ഉത്സവം കഴിഞ്ഞ് ഭർത്താവുമൊത്ത് മടങ്ങവേ ആക്രമണത്തിനിരയായ വിദ്യമയുടെ പരാതി നിസ്സാരവത്കരിച്ച മൂന്നു പൊലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡു ചെയ്തിരിക്കുകയാണ്. കടുത്തുരുത്തി സി.ഐ. കെ.വി. വിജയകുമാർ, എസ്ഐ വി. വിമൽ, ഗ്രേഡ് എസ്. ഐ. സണ്ണി എന്നിവരെയാണ് കോട്ടയം ജില്ലാ പൊലീസ് സൂപ്രണ്ട് പി.ജി. അശോക് കുമാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം റേഞ്ച് ഐ.ജി. ബി. സന്ധ്യ സസ്പെൻഡു ചെയ്തത്.

ഏറ്റുമാനൂർ ക്ഷേത്രത്തിലെ ആറാട്ട് കഴിഞ്ഞ് അർദ്ധരാത്രി ബസിറങ്ങി വീട്ടിലേക്ക് നടക്കുകയായിരുന്ന ദമ്പതികളെ കത്തികാണിച്ച് ഭീഷണിപ്പെടുത്തിയ ശേഷം ഭർത്താവിനെ തലയ്ക്കടിച്ച് വീഴ്ത്തി വീട്ടമ്മയെ സമീപത്തെ റബർ തോട്ടത്തിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോയി കവർച്ച ചെയ്തുവെന്നാണ് കേസ്. ഫെബ്രുവരി 24 നാണ് സംഭവം. പുലർച്ചെ തന്നെ ദമ്പതികൾ കടുത്തുരുത്തി പൊലീസ് സ്റ്റേഷനിലെത്തി പരാതി നൽകി. എന്നാൽ, പൊലീസ് ഇതു കാര്യമായെടുത്തില്ല. ഒരു നർമ്മകഥ വായിക്കുന്ന മട്ടിലായിരിക്കാം ഒരു വീട്ടമ്മയുടെ കദനകഥ കാക്കിയിട്ടവർ വായിച്ചത്. സ്വന്തം ഭാര്യയോ പെൺമക്കളോ ഇതുപോലൊരു പരാതിയുമായി മറ്റൊരു സ്റ്റേഷനിൽ ചെന്നാൽ എന്തു നടപടിയാകും പ്രതീക്ഷിക്കുകയെന്ന് ഇവർ ചിന്തിച്ചിരിക്കയില്ല. എന്തായാലും രാത്രിയിൽ സ്ത്രീകൾ ആക്രമണത്തിനിരയാകുന്ന സംഭവങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളൊന്നും പൊലീസ് പാലിച്ചില്ല.

പൊലീസ് പ്രാഥമികമായി ചെയ്യേണ്ട കാര്യങ്ങളിലൊന്നും പല പൊലീസുകാർക്കും താൽപര്യമില്ല. കൊള്ള, കവർച്ച, കൊലപാതകം തുടങ്ങിയ റിസ്കുള്ള കേസുകൾ കൈകാര്യം ചെയ്യാൻ പലർക്കും മടിയാണ്. അതേസമയം മുക്കിനു മുക്കിനു നിന്ന് ഹെൽമറ്റ് വേട്ട നടത്താനും വാഹന പരിശോധന നടത്തി കൈ തുറക്കാനും മടക്കാനും വലിയ ഉത്സാഹമാണുതാനും.

വീട്ടമ്മ അപമാനിതയായോ, കവർച്ച മാത്രമേ നടന്നുള്ളുവോ എന്നതല്ല ഇവിടെ മുഖ്യം. ഭർത്താവിനെ തലയ്ക്കടിച്ച് ബോധംകെടുത്തി ഭാര്യയെ വലിച്ചിഴയ്ക്കുന്നത് അപമാനമല്ലാതെ മറ്റെന്താണ്. ഇത്തരം സംഭവങ്ങൾ ലാഘവത്തോടെ കാണുന്ന പൊലീസുകാർ സേനയ്ക്കു തന്നെ അപമാനമാണ്.

എൽ.ഡി.എഫ് സർക്കാർ അധികാരമേറ്റശേഷം 29,646 സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടതായി ആഭ്യന്തരമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിയമസഭയിൽ കഴിഞ്ഞദിവസം വെളിപ്പെടുത്തുകയുണ്ടായി. യൂണിഫോമിന്റെ വിലയും പരാതിയുടെ ഗൗരവവും മനസ്സിലാക്കാത്ത പൊലീസുകാരാണ് പീഡന ലിസ്റ്റിന്റെ നീളം കൂട്ടുന്നതിന്റെ ഉത്തരവാദികൾ.